# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.85 | 25/04/2017-ൽ മറുപടിക്ക്

## വിവിധ കമ്പനികളിലെ ഐ.ടി ജീവനക്കാർ

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കേരളത്തിൽ വിവിധ കമ്പനികളിലായി എത്ര ജീവനക്കാർ ഐ.ടി മേഖലയിൽ നിലവിൽ ജോലിചെയ്യുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർ; ഇല്ലെങ്കിൽ അടിയന്തരമായി ജീവനക്കാരുടെ എണ്ണം കണക്കാക്കാൻ നടപടി സ്വീകരിക്കുമോ; | എ) | ഉണ്ട്.<br>ടെക്നോപാർക്ക്, ഇൻഫോ പാർക്ക് സൈബർപാർക്ക്, കെ.എസ്.ഐ.റ്റി.-ഐ.എൽ എന്നീ കമ്പനികളിലായി ഏകദേശം 86,900 പേർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഐ.ടി കമ്പനികളിൽ, പ്രത്യേകിച്ച് ടെക്നോപാർക്കിലെ ഒരു വിഭാഗം കമ്പനികളിൽ നിന്നും യാതൊരു മാനദണ്ഡവുമില്ലാതെ ജീവനക്കാരെ പിരിച്ചു വിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | ടെക്നോപാർക്കിലോ മറ്റ് ഐ.ടി പാർക്കിലോ ഐ.ടി കമ്പനികളിൽ നിന്നും യാതൊരു മാനദണ്ഡവുമില്ലാതെ ജീവനക്കാരെ പിരിച്ചുവിടുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ടെക്നോപാർക്കിലെ കമ്പനികൾ വിദേശത്തു നിന്നുള്ള സമയബന്ധിതമായ പ്രോജക്ടുകൾ ഏറ്റെടുത്ത് പ്രവർത്തിക്കുന്നവയാണ്. കമ്പനികൾക്ക് ലഭ്യമാകുന്ന പ്രോജക്ടുകൾക്ക് അനുസരിച്ച് യോഗ്യതയുള്ള ജീവനക്കാരെ പ്രോജക്ടുകൾ പൂർത്തിയാക്കും വരെയുള്ള നിശ്ചിത കാലാവധിയ്ക്ക് കരാർ വ്യവസ്ഥയിലാണ് നിയമിക്കാറുള്ളത്. ഇതു സംബന്ധിച്ചുള്ള വിഷയങ്ങളിൽ ടെക്നോപാർക്ക് നേരിട്ട് ഇടപെടാറില്ല. |

| | | | |
|---|---|---|---|
| സി) | നിയമവിരുദ്ധമായ പിരിച്ചുവിടലുകൾ നിയന്ത്രിക്കാനും ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ കേൾക്കുവാനും മറ്റുമായി ഐ.ടി ജീവനക്കാർക്ക് മാത്രമായി ക്ഷേമനിധി ബോർഡ് അടിയന്തിരമായി രൂപീകരിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | സി) | ഇപ്പോൾ പരിഗണനയിലില്ല |
| ഡി) | ഐ.ടി കമ്പനികളിലെ തൊഴിൽ പ്രശ്നങ്ങൾ രമ്യമായും നീതിപൂർവ്വമായും ചർച്ച ചെയ്ത് പരിഹരിയ്ക്കാൻ 2008-ൽ സംസ്ഥാന സർക്കാർ രൂപീകരിച്ച പ്രത്യേക സമിതി പുന:സംഘടിപ്പിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; ഈ സമിതിയിൽ ആരൊക്കെ അംഗങ്ങളാണെന്ന് വിശദമാക്കാമോ; | ഡി) | ബഹു.മുഖ്യമന്ത്രിയും, തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരും, ഐ.ടി ഇൻഡസ്ട്രി ലീഡേഴ്സുമായി 13/11/2008-ൽ നടന്ന മീറ്റിംഗിനെ തുടർന്ന് 26/11/2008-ൽ ഐ.ടി മേഖലയിലെ പ്രശ്നങ്ങളെ കുറിച്ച് പഠിച്ച് സർക്കാരിലേയ്ക്ക് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എറണാകുളം ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലേബർ കമ്മീഷണർ, മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസ് ഡയറക്ടർ, ശ്രീ.സതീഷ്ബാബു (ഇൻ ആപ്പ് ഇൻഫർമേഷൻ ടെക്നോളജീസ്), ശ്രീ.നന്ദകുമാർ (സൺടെക് ബിസിനസ്സ് സൊല്യൂഷൻസ്) എന്നീ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. അതിനെ തുടർന്ന് ഐ.ടി മേഖലയിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച കരട് കേരള ഇൻഫർമേഷൻ ടെക്നോളജി |

| | | | |
|---|---|---|---|
| | | | എംപ്ലോയീസ് (പ്ലേസ്മെന്റ്, റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ്, കീഷൻ ഓഫ് സർവ്വീസ് ആന്റ് വെൽഫയർ) ബിൽ 2009 സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ഇ) | സ്വകാര്യ ഐ.ടി കമ്പനികളെ നിയന്ത്രിച്ച് നിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ഇ) | ഐ.ടി പാർക്കുകളിലെ ഐ.ടി കമ്പനികൾ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവയാണ്. കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാൻ പാർക്കുകൾക്ക് കഴിയുകയില്ല. എങ്കിലും തൊഴിൽ ചൂഷണം, തട്ടിപ്പ്, അനധികൃതമായ കരാർ വ്യവസ്ഥകൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിനായി പാർക്കുകളും കമ്പനികളുമായുള്ള കരാർ ഉടമ്പടികളിൽ സേവന വേതന വ്യവസ്ഥകൾ ഉൾപ്പെട്ട നിയമാനുസൃതമായ എല്ലാ വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഐ.ടി പാർക്കുകളിലെ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ പാലിക്കാതെ വീഴ്ച വരുത്തുന്ന കമ്പനികളെ തുടർന്ന് പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുക, അവരുമായുള്ള കരാറുകൾ റദ്ദാക്കുക തുടങ്ങിയ നടപടികൾ പാർക്കുകൾ സ്വീകരിക്കുന്നുണ്ട്. |
| എഫ്) | പരിശീലന കോഴ്സ് നടത്തി ജോലി നൽകുമെന്ന് വാഗ്ദാനം ചെയ്യുന്ന തട്ടിപ്പുകമ്പനികൾക്ക് എതിരെ ശക്തമായ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകു-മോയെന്ന് വിശദമാക്കുമോ? | എഫ്) | ഐ.ടി പാർക്കുകളിലെ കമ്പനികളിൽ തൊഴിൽ ചൂഷണവും, തട്ടിപ്പും തടയുന്നതിനായി കമ്പനികളും പാർക്കുകളുമായുള്ള കരാറിൽ നിയമാനുസൃതമായ എല്ലാ സേവനവേതന |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകളും പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടെക്നോപാർക്കിലെ കമ്പനികളിൽ പരിശീലന കോഴ്സ് നടത്തി ജോലി നല്കുമെന്ന് വാഗ്ദാനം ചെയ്യുന്ന തട്ടിപ്പ കമ്പനികൾക്കെതിരെ ശക്തമായ നടപടികൾ ടെക്നോപാർക്ക് സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**